പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2849

17.10.2016 ൽ മറുപടിക്ക്

**വെങ്കിടങ്ങ് പഞ്ചായത്തിലെ പാടൂർ പി.എച്ച്.സി. യിൽ കിടത്തി ചികിത്സ**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വെങ്കിടങ്ങ് പഞ്ചായത്തിലെ പാടൂർ പി.എച്ച്.സി.യിൽ കിടത്തി ചികിത്സക്കായി പത്ത് കിടക്കകൾ തയ്യാറാക്കിയിട്ടും കിടത്തി ചികിത്സ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാടൂർ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ മിനി പി.എച്ച്.സി.ആയ പാടൂർ പി.എച്ച്.സിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്താൽ മാത്രമേ കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയുകയുള്ളൂ. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം. |
| (സി) | കിടത്തി ചികിത്സക്കായുള്ള പത്ത് കിടക്കകളുടെ ഉദ്ഘാടനം നടന്നതെന്നാണെന്ന് വ്യക്തമാക്കുമോ? | (സി) | 2004-ൽ ആണ് ഉദ്ഘാടനം കഴിഞ്ഞത്. |

സെക്ഷൻ ഓഫീസർ